"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ശ്രീമതി പ്രന്യ പാറമ്മൽ, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപ വിഭാഗം, മാനന്തവാടി - നോവൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.585/2024/PWD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. ശ്രീമതി പ്രന്യ പാറമ്മൽ-ന്റെ 23/01/2024-ലെ അപേക്ഷ.
2. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 05/03/2024-ലെ CEPWD/3984/2024-Vig4-AD നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് മാനന്തവാടി കെട്ടിട ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പ്രന്യ പാറമ്മൽ-ന് നോവൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകണമെന്നുള്ള ടിയാരിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ- പ്രകാരം ഓദ്യോഗിക. കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ കല, സാഹിത്യം, ശാസ്ത്രം എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്. എന്നാൽ, സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും, പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരി നെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ, സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരി ക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ, രചനകൾ സ്ഥിരമായി നിർവ്വഹിക്കുന്നതിനോ, പൊതുവായ അനുമതി നൽകുന്നതിനോ വ്യവസ്ഥയില്ല എന്നും രചനകൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ KGSC Rules 1960 ലെ ചട്ടം 62, ചട്ടം 63 എന്നിവയിലും നിഷ്കർഷിച്ചിട്ടുണ്ട്.

3] മേൽ പരാമർശിത ചട്ടങ്ങളിലെ വ്യവസ്ഥകൾ ക്കു വിധേയമായി പൊതുമരാമത്ത് വകുപ്പ് മാനന്തവാടി കെട്ടിട ഉപ വിഭാഗം കാര്യാലയത്തിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പ്രന്യ പാറമ്മൽ-ന് "കൊമ്മ" എന്ന നോവൽ പ്രസിദ്ധീകരിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ജോയിന്റ് സെക്രട്ടറി

ശ്രീമതി പ്രന്യ പാറമ്മൽ, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപ വിഭാഗം, മാനന്തവാടി.
ചീഫ് എഞ്ചിനീയർ(ഭരണം), പൊതുമരാമത്ത് വകുപ്പ് , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreelekha R
സെക്ഷൻ ഓഫീസർ
Date: 14-06-2024 15:05:30